## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2060.** **05.10.2016 ന് മറുപടിയ്ക്ക്**

### ഉത്സവകാലത്തും ആഘോഷവേളകളിലും വർദ്ധിക്കുന്ന മദ്യ വിൽപ്പന

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.മഞ്ഞളാംകുഴി അലി | | ശ്രീ. ടി.പി. രാമകൃഷ്ണൻ (തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഉത്സവകാലത്തും ആഘോഷവേളകളിലും മദ്യത്തിന്റെ വിൽപ്പന വൻതോതിൽ വർദ്ധിക്കുന്ന പ്രവണത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്ത് ഉത്സവകാലത്തും ആഘോഷ വേളകളിലും മദ്യത്തിന്റെ വില്പന വർഷങ്ങളായി വർദ്ധിച്ച് വരുന്ന സാഹചര്യം നിലവിലുണ്ട്. |
| (ബി) | ഈ സ്ഥിതിവിശേഷം സാമൂഹികമായി ആരോഗ്യകരമായ പ്രവണതയല്ലെന്ന കാര്യം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ എന്തുകൊണ്ടാണ് ഇത്തരം സന്ദർഭങ്ങളിൽ മദ്യത്തിന്റെ ഉപഭോഗം കുറയ്ക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കാത്തതെന്ന് വിശദമാക്കുമോ; | (ബി) | മദ്യത്തിന്റെ ഉപഭോഗം വർദ്ധിപ്പിക്കുക എന്നത് സർക്കാർ നയമല്ല. എന്നാൽ ഉത്സവകാലങ്ങളിൽ സ്വാഭാവികമായി മദ്യത്തിന്റെ ഉപഭോഗം വർദ്ധിക്കാറുണ്ട്. ടി കാലയളവിൽ മദ്യ ഉപഭോഗത്തിന് നിയന്ത്രണം ഏർപ്പെടുത്തുന്നത് വ്യാജമദ്യത്തിന്റെ വ്യാപനം വർദ്ധിക്കുന്നതിനും അതുമൂലം വ്യാജമദ്യദുരന്തങ്ങൾ ഉണ്ടാകാനുമുള്ള സാധ്യത മുന്നിൽ കണ്ടുകൊണ്ടാണ് പ്രത്യേക നിയന്ത്രണങ്ങൾ ഏർപ്പെടുത്താത്തത്. എന്നാൽ മദ്യത്തിന്റെ ഉപഭോഗത്തിനെതിരെ എല്ലാക്കാലത്തും ശക്തമായ ബോധവത്ക്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്. |
| (സി) | ഇത്തരം സീസണുകളിൽ വിൽപ്പന നടത്തുന്ന മദ്യത്തിന്റെ അളവ് കുറയ്ക്കുന്നതിനോ ഉപഭോഗം കുറയ്ക്കുന്നതിനോ | (സി) | സംസ്ഥാനത്ത് മദ്യത്തിനും മയക്കുമരുന്നുകൾക്കുമെതിരെ ശക്തമായ ബോധവത്ക്കരണ പ്രവർത്തനങ്ങളാണ് നടന്നുവരുന്നത്. ഉത്സവ |

| | | | |
|---|---|---|---|
| | ആവശ്യമായ പ്രത്യേക പദ്ധതി എന്തെങ്കിലും നിലവിലുണ്ടോ; ഇല്ലെങ്കിൽ ഇത്തരമൊരു പദ്ധതി ആസൂത്രണം ചെയ്യുമോയെന്ന് വ്യക്തമാക്കുമോ? | | കാലങ്ങളിൽ ഇത്തരം പ്രവർത്തനങ്ങൾ വ്യാപകവും ശക്തവുമാക്കാറുണ്ട്. മദ്യവർജ്ജനത്തിന് പ്രാധാന്യം നൽകി കേരളത്തിൽ വർദ്ധിച്ചുവരുന്ന മദ്യാസക്തിയും, അതിൽ നിന്നും ഉടലെടുക്കുന്ന ആരോഗ്യ-സാമൂഹിക പ്രശ്നങ്ങളും സർക്കാർ വളരെ ഗൗരവത്തോടെയാണ് വീക്ഷിക്കുന്നത്. സംസ്ഥാനത്ത് മയക്കുമരുന്ന് വ്യാപനത്തിനെതിരെ എക്സൈസ് വകുപ്പ് ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളും വ്യാപകമായ ബോധവത്ക്കരണ പ്രവർത്തനങ്ങളും നടത്തി വരുന്നു. ലഹരിവസ്തുക്കൾ മൂലമുള്ള ആരോഗ്യ പ്രശ്നങ്ങളെ സംബന്ധിച്ച് പൊതുജനങ്ങളിൽ പ്രത്യേകിച്ച് വിദ്യാർത്ഥി-യുവജനങ്ങൾക്കിടയിൽ വമ്പിച്ച ബോധവത്ക്കരണ പ്രവർത്തനങ്ങളാണ് സംസ്ഥാനതലത്തിൽ എക്സൈസ് വകുപ്പ് നടപ്പിലാക്കി വരുന്നത്. |

**സെക്ഷൻ ഓഫീസർ**